# താമരശ്ശേരി ഗ്രാമപഞ്ചായത്ത്

***'ഭരണഭാഷ - മാതൃഭാഷ'***

22/09/2021 തിയ്യതി നടന്ന സാധാരണ / ~~അസാധാരണ~~ / ~~അടിയന്തിര~~ യോഗത്തിലെ

3(4)-ാം നമ്പർ തീരുമാനം

**അജണ്ട 3:** വാർഷിക പദ്ധതി സംബന്ധിച്ച്

**തീരുമാനം:** താമരശ്ശേരിയിലെയും പരിസരപ്രദേശങ്ങളിലെയും താമസക്കാരും ഐ ടി, ഡിജിറ്റൽ സ്കിൽസ്, റിമോട്ട് ജോലികൾ തുടങ്ങിയ തൊഴിൽ മേഖലകളിൽ അഭ്യസ്തവിദ്യരും താല്പര്യമുള്ളവരുമായ യുവജനങ്ങൾക്ക് പ്രസ്തുത തൊഴിൽ മേഖലകളിലെ പുതിയ അവസരങ്ങൾ പരിചയപ്പെടുന്നതിനും പുതിയ കാര്യങ്ങൾ ഇരുന്നു സ്വയം പഠിക്കുന്നതിനും പരിശീലനം നടത്തുന്നതിനും വേണ്ടി ഒരു വേദിയും സാഹചര്യവും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുകയും, അവരെ പ്രസ്തുത തൊഴിൽ മേഖലകളിലെ പുത്തൻ തൊഴിലുകൾ നേടുന്നതിനു പ്രാപ്തരാക്കുന്നതിനും, അതിലേക്കായി അവർക്കു വേണ്ട പരിശീലനവും മെന്ററിങ്ങും നല്കുന്നതിന് ഈ തൊഴിൽ മേഖലകളിൽ പരിചയസമ്പന്നരായ പ്രൊഫഷണലുകൾക്ക് സൗകര്യവും സാഹചര്യങ്ങളും ഒരുക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ ഒരു ഡിജിറ്റൽ ലേണിങ് സ്പേസ് തുടങ്ങാൻ പദ്ധതി വയ്ക്കുവാൻ തീരുമാനിച്ചു. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി സർക്കാരിന്റെ മാർഗ്ഗനിർദ്ദേശം കൂടിയുള്ള സാഹചര്യത്തിൽ താമരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മേൽപ്പറഞ്ഞ മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായ വിധത്തിലും, സർക്കാർ ഏജൻസിയായ കെ-ഡിസ്ക് (കേരള ഡവലപ്പ്മെന്റ് ആൻഡ് ഇന്നോവേഷൻ കൗൺസിൽ - https://kdisc.kerala.gov.in/) ന്റെ പദ്ധതിയായ നോളജ് മിഷന്റെ പ്രവർത്തനങ്ങൾക്ക് (https://knowledgemission.kerala.gov.in/) പൂരകമാകുന്ന വിധത്തിലും പ്രസ്തുത സ്ഥാപനം രൂപകല്പന ചെയ്ത് നടപ്പാക്കുന്നതിന് വേണ്ടി ടിങ്കർഹബ് ഫൌണ്ടേഷൻ (https://tinkerhub.org/) എന്ന സംഘടനയുടെ സഹായത്തോടെ തയ്യാറാക്കിയ പ്രൊജക്റ്റ് പ്രൊപ്പോസൽ ഇതൊന്നിച്ച് ചേർത്ത വിധത്തിൽ അംഗീകരിച്ച് തീരുമാനിച്ചു. ആയതിന് നൂതന പ്രൊജക്റ്റ് എന്ന വിധത്തിൽ അംഗീകാരം കിട്ടുന്നതിന് കോർഡിനേഷൻ സമിതിയുടെ അംഗീകാരത്തിന് വേണ്ടി സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

(ഒപ്പ്)
പ്രസിഡണ്ട്

(നേർ പകർപ്പ്)

THAMARASSERY GRAMA PANCHAYATH ★ Thamarassery P.O. ★

JAISEN. N.D.
SECRETARY
THAMARASSERY GRAMA PANCHAYAT
Thamarassery P.O., Kozhikode District,
Kerala State., Pin: 673 573
Mob:+91 94960 49219, Off: +91 495 2222252



A constitutional body established under the provisions of articles 243 to 243(O) of the Constitution of the Republic of India